# Desabhimani

## 31 August 2018

## Manadhavadi, Kozhikode Kudumbasree Workers, Cleaning



# മഹായജ്ഞത്തിൽ കോഴിക്കോട്ടെ കുടുംബശ്രീ പ്രവർത്തകരും

മാനന്തവാടി

പ്രളയത്തിൽ മുങ്ങിയ വയനാടിനെ ശുചീകരിക്കാൻ നടത്തിയ മഹായജ്ഞത്തിൽ കോഴിക്കോട്ടെ കുടുംബശ്രീ പ്രവർത്തകരും. നൂറ്റിനാൽപ്പതോളം കുടുംബശ്രീ അംഗങ്ങളാണ് വയനാടിന്റെ രക്ഷക്കായി കൈകോർത്തത്. കോഴിക്കോട് ജില്ലാമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഗിരീഷ്കുമാറിന്റെ നേതൃത്വത്തിലാണിവരെത്തിയത്.

മാനന്തവാടി നഗരസഭയിലും പൊഴുതന, വൈത്തിരി പഞ്ചായത്തുകളിലുമായിരുന്നു ശുചീകരണം. മാനന്തവാടിയിൽ 36 പേരും വൈത്തിരിയിലും പൊഴുതനയിലുമായി 104 പേരുമുണ്ടായിരുന്നു. രണ്ട് ബസ്സുകളിലും ജീപ്പുകളിലുമായിട്ടാണിവർ എത്തിയത്. വടകര, പേരാമ്പ്ര, കോഴിക്കോട്, ബാലുശേരി, തോടന്നൂർ, കുന്നുമ്മൽ, തൂണേരി പ്രദേശങ്ങളിൽനിന്നുള്ളവരായിരുന്നു. കുടുംബശ്രീയുടെ പിങ്ക് ടാസ്ക് ഫോഴ്സ് അംഗങ്ങളും ഉണ്ടായിരുന്നു. വെള്ളം കയറി ചെളിമൂടിയ വീടുകളും സ്ഥാപനങ്ങളുമടക്കം ഇവർ ശുചീകരിച്ചു. തോട്ടങ്ങളിലും പുഴയോരങ്ങളിലും അടിഞ്ഞ പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെ നീക്കം ചെയ്തു.